88 (3413) പൊൻമണി വർഷം

ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിയിടങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ പ്രഖ്യാപിച്ച 'പൊൻമണി വർഷത്തിൽ' എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിച്ചിരുന്നു;

(ബി) അതിൽ എന്തെല്ലാം കാര്യങ്ങൾ ഇതുവരെ നടപ്പാക്കി;

(സി) പൊൻമണി വർഷം പദ്ധതിമൂലം നെൽക്കൃഷി മേഖലയിൽ എന്തു പുരോഗതി കൈവരിക്കാൻ കഴിഞ്ഞു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയിൻകീഴിൽ ഗുണമേന്മയുള്ള വിത്തുകളുടെ വിതരണം സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, അന്യ സംരക്ഷണ ഉപകരണങ്ങളുടെ വിതരണം, വളം സബ്സിഡി, ഉല്പാദന ബോണസ്, പവർ ടില്ലർ വിതരണം, വൈദ്യുതി സൗജന്യം, നെല്ല് സംഭരണം എന്നിങ്ങനെ നെൽക്കൃഷിയുടെ വികസനവും അഭിവൃദ്ധിയും ലക്ഷ്യമായിട്ടുള്ള പദ്ധതികളാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) മേൽകാണിച്ച എല്ലാ കാര്യങ്ങളും നടപ്പിലാക്കി.

(സി) ഈ പദ്ധതിയുടെ ഫലമായി ഉല്പാദനച്ചെലവിലെ വർദ്ധനവ്, ഉല്പാദനത്തിന്റെ വിലക്കുറവ്, ഗുണമേന്മയുള്ള വിത്തിന്റെ ലഭ്യതക്കുറവ് എന്നീ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടായി.

89 (3414) നെല്ല് ഉൽപ്പാദനം

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ടൺ നെല്ല് അധികം ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) ഈ വർഷം ആകെ എത്ര ടൺ നെല്ല് ഉല്പാദിപ്പിച്ചിട്ടുണ്ട്?

ഉത്തരം

(എ) വ്യത്യാസപ്പെടുന്ന കൃഷിഭൂമിയുടെ വിസ്തൃതി, ഇരുപ്പു-ഒരുപ്പു കൃഷിയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയുമായെല്ലാം ബന്ധപ്പെടുത്തി പരിശോധിക്കേണ്ട കാര്യമാണിത്. എന്നാൽ ഉൽപ്പാദനക്ഷമത 1997-98-ൽ 2992 ആയിരുന്നത് 1998-99-ൽ 3092 ആയി വർദ്ധിച്ചിട്ടുണ്ട്.

(ബി) 1998-99-ൽ 14.25 ലക്ഷം ടൺ നെല്ല് ഉൽപ്പാദിപ്പിച്ചു. 1999-2000 വർഷത്തിൽ നാളിതുവരെയുള്ള കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly